പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3570 — 30-01-2014-ൽ മറുപടിക്ക്.

വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയുന്നതിനായി നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>" ഡൊമിനിക് പ്രസന്റേഷൻ:<br>" ടി. എൻ. പ്രതാപൻ:<br>" പി. എ. മാധവൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വ്യാജമദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) വ്യാജമദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായി, എക്സൈസ് വകുപ്പ്, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും, ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ വിവരങ്ങൾ ശേഖരിച്ച് ഇത്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി, വാഹന പരിശോധന, റോഡ് പരിശോധന എന്നിവ നടത്തി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>NDPS കേസുകളിൽ 2390.15 കി.ഗ്രാം കഞ്ചാവും, 4641 ആംപ്യൂളുകളും പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ, 192 കഞ്ചാവ് ചെടികളും, 416.25 ഗ്രാം ബ്രൗൺ ഷുഗറും, 1.419 ഗ്രാം ഹെറോയിനും, 1.593 കി.ഗ്രാം ഹാഷിഷ് ഓയിലും, 0.075 കി.ഗ്രാം ചരസ്സും, 0.185 കി.ഗ്രാം ഓപ്പിയവും പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ;<br>(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി)-യും, (സി)-യും<br>എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി, ജില്ല /മേഖല/സംസ്ഥാനതലത്തിൽ മാസം തോറും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗം വിളിച്ചു ചേർത്ത്, പ്രവർത്തനം അവലോകനം ചെയ്ത്, വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ